ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **രാജ്യത്ത് ലോക് സഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ സജീവം. രണ്ടാം ഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ വ്യാഴാഴ്ച വരെ സമർപ്പിക്കാം.**

   Preparations for the Lok Sabha elections are in full swing in the country. Nomination papers for the second phase can be submitted till Thursday.

2. **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജസ്ഥാനിലും ഉത്തരാഖണ്ഡിലും തിരഞ്ഞെടുപ്പ് പ്രചാരണ റാലികളിൽ പങ്കെടുക്കും.**

   Prime Minister Narendra Modi will address election rallies in Rajasthan and Uttarakhand today.

3. **അതിർത്തിയിൽ സംഘർഷാവസ്ഥ നിലനിൽക്കുന്ന കാലത്തോളം പാകിസ്ഥാനുമായി വ്യാപാര ബന്ധത്തിന് യാതൊരു സാധ്യതയുമില്ലെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.**

   External Affairs Minister S Jaishankar said there is no possibility of trade with Pakistan until the tensions persist on the border.

4. **രാജ്യത്ത് വരും മാസങ്ങളിൽ കടുത്ത ഉഷ്ണതരംഗം അനുഭവപ്പെടാൻ സാധ്യതയെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. മുൻകരുതലുകൾ സ്വീകരിക്കാൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം.**

   Union Minister Kiran Rijiju said the country is anticipated to experience extreme Heatwave condition in the upcoming months. Directions to states to take precautionary measures.

5. **കേരളം അത്യുഷ്ണത്തിന്റെ പിടിയിൽ. 12 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

**Kerala in the grip of extreme heat. Yellow alert for 12 districts today.**

6. **ഐ.പി.എൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് ജയം.**

**Rajasthan Royals wins in IPL cricket.**

*********************************************

**HEADLINE-1**

## ELECTION CAMPAIGNING

രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ സജീവം. ആദ്യ ഘട്ട തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പിൻവലിക്കേണ്ട സമയം കഴിഞ്ഞതോടെ മത്സരചിത്രം തെളിഞ്ഞു. രണ്ടാം ഘട്ടത്തിലേക്കുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം പുരോഗമിക്കുകയാണ്. പ്രധാന രാഷ്ട്രീയ കക്ഷികളുടെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളും സജീവമായി തുടരുന്നു. കേരളത്തിലും മൂന്ന് മുന്നണികളും തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ സജീവമാണ്. രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളം ഉൾപ്പെടെയുള്ള 13 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 89 മണ്ഡലങ്ങളിലേക്ക് വ്യാഴാഴ്ച വരെ പത്രിക സമർപ്പിക്കാം. അഞ്ചാം തീയതി സൂക്ഷ്മ പരിശോധന നടക്കും. എട്ടാം തീയതി വരെ പത്രിക പിൻവലിക്കാൻ അവസരമുണ്ട്. രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 26 ന് നടക്കും.

*********************************************

**HEADLINE-2**

## PM- UTTARAKHAND ELECTION CAMPAIGN

ഉത്തരാഖണ്ഡിലെ രുദ്രാപൂരിൽ ഇന്ന് നടക്കുന്ന പൊതുറാലിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. ലോക്സഭതിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി

സംസ്ഥാനത്തെ പ്രധാനമന്ത്രിയുടെ ആദ്യ റാലിയാണിത്. ബിജെപി മന്ത്രി അജയ് ഭട്ട് മത്സരിക്കുന്ന നൈനിറ്റാൾ ഉദ്ധം സിങ് മണ്ഡലത്തിൽ ഉൾപ്പെടുന്ന മേഖലയാണ് രുദ്രാപൂർ. സംസ്ഥാനത്തെ മുഴുവൻ സീറ്റുകളിലേയ്ക്കും ഈ മാസം 19 നാണു വോട്ടെടുപ്പ്. അഞ്ചു സീറ്റുകളിലേയ്ക്കായി 55 പേരാണ് മത്സര രംഗത്തുള്ളത്.

*********************************************

## PM-RAJASTHAN

രാജസ്ഥാനിൽ ജയ്പൂർ റൂറൽ ലോക്സഭാ മണ്ഡലത്തിലെ കൊത്പുറ്റ്ലി യിൽ നടക്കുന്ന തിരഞ്ഞെടുപ്പ് റാലിയെ പ്രധാനമന്ത്രി ഇന്ന് അഭിസംബോധന ചെയ്യും. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷം ഇതാദ്യമായാണ് ശ്രീ.മോദി രാജസ്ഥാനിൽ ഒരു പൊതുയോഗത്തിൽ സംബന്ധിക്കുന്നത്. ഈ മാസം 19, 26 തീയ്യതികളിലാണ് രാജസ്ഥാനിൽ വോട്ടെടുപ്പ് നടക്കുക.

*********************************************

## POSTAL VOTE

സംസ്ഥാനത്ത് ലോക്സഭ തിരഞ്ഞെടുപ്പിൽ തപാൽ വോട്ട് ചെയ്യാൻ അർഹരായവർക്ക് ഇന്നു കൂടി അപേക്ഷ നൽകാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. വോട്ടർ പട്ടികയിൽ പേരുള്ള ലോക്സഭാ മണ്ഡലത്തിലെ വരണാധികാരിക്കാണ് അപേക്ഷ നൽകേണ്ടത്.

*********************************************

## VOTE – HOUSE

സംസ്ഥാനത്ത് 85 വയസ് പിന്നിട്ടവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും വീട്ടിൽ വച്ച് വോട്ട് രേഖപ്പെടുത്താനുള്ള നടപടികൾ അവസാനഘട്ടത്തിലേക്ക്. ഇതിനായുള്ള അപേക്ഷ ഇന്നും നൽകാം.

*********************************************

## KEY CONSTITUENCY-J&K

ജമ്മു കശ്മീരിൽ തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കശ്മീർ താഴ് വര, ജമ്മു എന്നിങ്ങനെ രണ്ട് ഭൂമിശാസ്ത്ര മേഖലകളായാണ് പ്രദേശത്തെ തിരിച്ചിരിക്കുന്നത്. ആകെ അഞ്ച് പാർലമെന്ററി മണ്ഡലങ്ങളാണുള്ളത്. രണ്ടെണ്ണം ജമ്മു ഡിവിഷനിലും മൂന്നെണ്ണം കശ്മീർ ഡിവിഷനിലുമാണ്. അഞ്ച് ഘട്ടങ്ങളിലായാണ് വോട്ടെടുപ്പ്. ആദ്യ ഘട്ടം ഈ മാസം 19-നും അവസാന ഘട്ട വോട്ടെടുപ്പ് മെയ് 20-നും നടക്കും.

*******************************************

## NDA - CONVENTION

എൻ ഡി എ എറണാകുളം ലോകസഭ മണ്ഡലം കൺവെൻഷൻ ഇന്ന് വൈകിട്ട് എറണാകുളം ടൗൺഹാളിൽ നടക്കും. മുൻ കേന്ദ്രമന്ത്രിയും ബി ജെ പി സംസ്ഥാന പ്രഭാരിയുമായ പ്രകാശ് ജാവദേകർ ഉദ്ഘാടനം ചെയ്യും. കൺവെൻഷനിൽ എൻ.ഡി.എ. സ്ഥാനാർത്ഥി ഡോ. കെ. എസ്. രാധാകൃഷ്ണൻ ഉൾപ്പെടെ സംസ്ഥാന - ജില്ലാ നേതാക്കൾ പങ്കെടുക്കും.

*******************************************

## CM MALAPPURAM

2024 ലോക്സഭാ തെരഞ്ഞെടുപ്പ് ജനങ്ങളുടെ കരുത്ത് അറിയിക്കുന്ന തെരഞ്ഞെടുപ്പായിരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിലമ്പൂർ നിയോജക മണ്ഡലം എൽ.ഡി.എഫ് തെരഞ്ഞെടുപ്പ് പൊതുയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ പൗരൻമാരും

അല്ലാത്തവരുമായ എല്ലാ വിഭാഗം ജനങ്ങളുടെയും സുരക്ഷിതത്വമാണ് ഭരണഘടന ഉറപ്പ് നൽകുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

*******************************************

## RAHUL GANDHI – WAYANAD

വയനാട് ലോക്സഭാ മണ്ഡലത്തിൽ മത്സരിക്കുന്ന മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി നാളെ പത്രിക സമർപ്പിക്കും. ഇതോടനുബന്ധിച്ച് റോഡ് ഷോയും ഉണ്ടാകും. എൻഡിഎ സ്ഥാനാർഥി കെ സുരേന്ദ്രൻ മറ്റന്നാളാണ് പത്രിക സമർപ്പിക്കുക.

*******************************************

**HEADLINE-3**

## JAISHANKAR-SURAT

അതിർത്തിയിൽ സംഘർഷാവസ്ഥ നിലനിൽക്കുന്ന കാലത്തോളം പാകിസ്ഥാനുമായി വ്യാപാര ബന്ധത്തിന് യാതൊരു സാധ്യതയുമില്ലെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. സൂറത്തിൽ നടന്ന ഒരു കോർപ്പറേറ്റ് ഉച്ചകോടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. യാതൊരു തരത്തിലുമുള്ള തീവ്രവാദത്തെയും പ്രോത്സാഹിപ്പിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. അരുണാചൽ വിഷയത്തിൽ ചൈനയെ വിമർശിച്ച കേന്ദ്രമന്ത്രി , അരുണാചൽപ്രദേശ് എന്ന ഒരു ഇന്ത്യൻ സംസ്ഥാനം ആയിരിക്കുമെന്നും പേരുകൾ മാറ്റുന്നത് കൊണ്ട് ഈ യാഥാർഥ്യത്തിനു ഒന്നും സംഭവിക്കില്ലെന്നും അഭിപ്രായപ്പെട്ടു. സാമ്പത്തികരംഗത്ത് ചൈനയെ തോൽപ്പിക്കാൻ ഉത്പാദനത്തിൽ രാജ്യം ശ്രദ്ധ നൽകേണ്ടത് ഉണ്ടെന്നും ശ്രീ.ജയ്ശങ്കർ പറഞ്ഞു.

*******************************************

**HEADLINE-4**

## RIJIJU-CHINA

അരുണാചൽപ്രദേശ് ഇന്ത്യയുടെ അവിഭാജ്യ ഘടകമെന്നും എല്ലാ തരത്തിലും ദേശസ്നേഹികളായ വിഭാഗമാണ് അരുണാചൽ ജനതയെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു. സംസ്ഥാനത്തിനുള്ളിലെ 30 സ്ഥലങ്ങൾക്ക് അനധികൃതമായി പേര് നൽകിയ ചൈനയുടെ നടപടിയെ അദ്ദേഹം ശക്തമായി വിമർശിച്ചു. അടിസ്ഥാന രഹിതമായി ചൈന മുന്നോട്ട് വയ്ക്കുന്ന വാദങ്ങൾ യാഥാർഥ്യങ്ങളെയും ചരിത്രപരമായ സത്യങ്ങളെയും മാറ്റിമറിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

**********************************************

## PM - COAL

കൽക്കരി, ലിഗ്നൈറ്റ് ഉത്പാദനത്തിൽ ഒരു ബില്യൺ ടൺ എന്ന നേട്ടം പിന്നിട്ടത് നാഴികക്കല്ലെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി. ഒരു പ്രധാന മേഖലയിൽ സ്വയംപര്യാപ്തത എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ ഇത് സഹായിക്കുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യത്തെ കൽക്കരി ഉത്പാദനം 70 ശതമാനത്തിലേറെ വർധിച്ചതായി കേന്ദ്രമന്ത്രി പ്രഹ്ളാദ് ജോഷി അറിയിച്ചു.

**********************************************

## RAILWAY

ചെന്നൈ റെയിൽവേ സ്റ്റേഷനിലെ അറ്റകുറ്റപ്പണികളെ തുടർന്ന് ഇന്നത്തെ ആലപ്പുഴ – ചെന്നൈ സെൻട്രൽ എക്സ്പ്രസ് തിരുവള്ളൂരിൽ സർവീസ് അവസാനിപ്പിക്കുമെന്ന് റെയിൽവെ. ധൻബാദ് എക്സ്പ്രസും, കൊച്ചുവേളി –

ഗോരഖ്പൂർ രപ്തിസാഗർ എക്സ്പ്രസും പെരമ്പൂർ വഴി തിരിച്ചു വിട്ടിട്ടുണ്ട്.
********************************************

**HEADLINE-5**

## HEAT WAVE – RIJIJU

രാജ്യത്ത് അടുത്ത രണ്ടര മാസങ്ങളിൽ കടുത്ത ഉഷ്ണതരംഗം അനുഭവപ്പെടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉഷ്ണതരംഗം, പൊതു തെരഞ്ഞെടുപ്പ് തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തിയതായി കേന്ദ്രമന്ത്രി പറഞ്ഞു. ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകിയതായും അദ്ദേഹം അറിയിച്ചു.
********************************************

## HEATWAVE PREDICTION – (INTRO)

രാജ്യത്തെമ്പാടും പകൽ ചൂട് വർധിക്കുന്നു. വരും ദിവസങ്ങളിലും ഇത് തുടരുമെന്ന മുന്നറിയിപ്പാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് നൽകുന്നത്. എന്നാൽ വടക്ക് - കിഴക്കൻ സംസ്ഥാനങ്ങളിൽ ശക്തമായ മഴയും ഇടിമിന്നലും തുടരും.

**വിശദാംശങ്ങളിലേക്ക് .....**

– (VOICE….)

*ജൂൺ മാസം വരെ രാജ്യത്തിന്റെ പലഭാഗങ്ങളിലും സാധാരണയിലും ഉയരുമെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് ഡയറക്ടർ ജനറൽ മൃത്യുഞ്ജയ് മോഹപാത്ര അറിയിച്ചു. ഇത്തവണ ഉഷ്ണതരംഗം അനുഭവപ്പെടുന്ന ദിവസങ്ങളുടെ എണ്ണവും വർദ്ധിക്കുമെന്ന് മുന്നറിയിപ്പുണ്ട്. മഹാരാഷ്ട്ര, കർണാടക,രാജസ്ഥാൻ, മധ്യപ്രദേശ്, ഒഡീഷ ആന്ധ്രപ്രദേശ് എന്നിവിടങ്ങളിലായിരിക്കും ഊഷ്ണ തരംഗം ഏറ്റവും*

*ശക്തമാകുന്നത്. ഉഷ്ണതരംഗവുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ ദേശീയ ദുരന്ത നിവാരണ അതോറിറ്റി അംഗം കമൽ കിഷോർ സംസ്ഥാനങ്ങളുമായി നിരന്തരം വിലയിരുത്തി വരികയാണ്. കേരളത്തിൽ കനത്ത ചൂടിനെ തുടർന്ന് 12 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ പശ്ചാതലത്തിൽ കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ 1.6 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. അതെസമയം, കനത്ത മഴയിലും കാറ്റിലും നാശനഷ്ടമുണ്ടായ പശ്ചിമ ബംഗാൾ, അസം, മണിപ്പൂർ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആശയവിനിമയം നടത്തി. ദുരന്തബാധിത മേഖലകളിൽ സാധ്യമായ എല്ലാ സഹായവും കേന്ദ്ര സർക്കാർ ഉറപ്പ് വരുത്തുമെന്ന് അദ്ദേഹം വ്യക്തമാക്കി.രാജ്യത്തിന്റെ വടക്കു കിഴക്കൻ മേഖലയിൽ മറ്റെന്നാൾ വരെ ശക്തമായ മഴയും ഇടിമിന്നലും തുടരുമെന്നാണ് മുന്നറിയിപ്പ്. ന്യൂസ് ഡെസ്ക്, ആകാശവാണി....*

*******************************************

## ROUGH SEA - CAMP TVM

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയിലുണ്ടായ കടൽക്ഷോഭത്തെ തുടർന്ന് 53 പേരെ നെയ്യാറ്റിൻകര താലൂക്കിൽ രണ്ട് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. കുളത്തൂർ വില്ലേജിലെ പൊഴിയൂർ ഗവ. യു.പി സ്കൂളിലും കരുംകുളം വില്ലേജിലെ പുല്ലുവിള ലിയോ തെർട്ടീൻത് സ്കൂളിലുമാണ് ക്യാമ്പുകൾ തുറന്നത്. 14 കുടുംബങ്ങളാണ് പൊഴിയൂർ ഗവ.യു.പി.എസിലുള്ളത്. പുല്ലുവിള ലിയോ തെർട്ടീൻത് സ്കൂളിൽ 19 കുടുംബങ്ങളിൽ നിന്നായി 30 പേരാണുള്ളത്.

*******************************************

**HEADLINE-6**

## IPL

ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് ജയം. വാങ്കഡെ സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന മത്സരത്തിൽ ആറ് വിക്കറ്റിനാണ് രാജസ്ഥാൻ , മുംബൈ ഇന്ത്യൻസിനെ പരാജയപ്പെടുത്തിയത്. മുംബൈ ഉയർത്തിയ 126 റൺസ് ലക്ഷ്യം 15.3 ഓവറിൽ തന്നെ രാജസ്ഥാൻ മറികടക്കുകയായിരുന്നു. മൂന്ന് വിക്കറ്റുകൾ വീതം വീഴ്ത്തിയ ട്രെന്റ് ബോൾട്ട്, യുസ്വേന്ദ്ര ചഹൽ എന്നിവരുടെ മികച്ച ബൗളിംഗാണ് മുംബൈക്ക് വിനയായത്. ഇന്നത്തെ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ലക്നൗ സൂപ്പർ ജയൻസിനെ നേരിടും. ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 07.30 നാണ് മത്സരം.

*********************************************

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ മുംബൈ സിറ്റിയ്ക്ക് ജയം. ഹൈദരാബാദിൽ ഇന്നലെ ഹൈദരാബാദ് എഫ്.സി യെ എതിരില്ലാത്ത മൂന്ന് ഗോളിനാണ് അവർ തോൽപ്പിച്ചത്.

*********************************************

## AFGHAN- MINE BLAST

കുഴിബോംബ് പൊട്ടി അഫ്ഗാനിസ്ഥാനിൽ ഒമ്പതോളം കുട്ടികൾ കൊല്ലപ്പെട്ടു. ഗസ്നി പ്രവിശ്യയിലാണ് സംഭവം. റഷ്യൻ ആക്രമണ കാലത്ത് പാകിയ  കുഴിബോംബാണ് പൊട്ടിയതെന്നും സ്ഥലത്തു കളിച്ചുകൊണ്ടിരുന്ന കുട്ടികളാണ് അപകടത്തിൽപെട്ടതെന്നും അധികൃതർ അറിയിച്ചു. യുദ്ധകാലത്ത് വ്യാപകമായി ഉപയോഗിക്കപ്പെട്ട സ്ഫോടകവസ്തുക്കൾ, കുഴിബോബുകൾ എന്നിവമൂലം പതിനായിരക്കണക്കിന് സാധാരണക്കാരാണ് അഫ്ഗാനിസ്ഥാനിൽ അപകടത്തില്പെടുന്നതെന്ന് ഐക്യരാഷ്ട്രസംഘടന വ്യക്തമാക്കി.

*********************************************

## JAPAN- EARTHQUAKE

ജപ്പാനിലെ ഇവാത്തെ മേഖലയുടെ വടക്കൻ തീരത്ത് ഭൂചലനം. 6.1 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ നാശനഷ്ടങ്ങളൊന്നും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. മേഖലയിൽ സുനാമി മുന്നറിയിപ്പും പുറപ്പെടുവിച്ചിട്ടില്ല

*********************************************

## KOZHIKKODE - MONEY SEIZURE

കോഴിക്കോട് ജില്ലയിൽ തെരഞ്ഞെടുപ്പ് സർവൈലൻസ് സ്ക്വാഡുകൾ അനധികൃതമാണെന്ന് കണ്ടെത്തിയ **അഞ്ച് ലക്ഷത്തി 38,500** രൂപ പിടിച്ചെടുത്തു. കുന്ദമംഗലം, എലത്തൂർ സ്റ്റാറ്റിക്ക് സർവൈലൻസ് സ്ക്വാഡുകളാണ് പണം പിടിച്ചെടുത്തത്.

*********************************************

## SABARIMALA

ശബരിമല ക്ഷേത്രത്തിലെ മേടമാസ പൂജയോടനുബന്ധിച്ച് ദർശനം ബുക്ക് ചെയ്യുന്നതിനായുള്ള വെർച്വൽ-ക്യൂ പോർട്ടൽ ഇന്ന് വൈകിട്ട് 5 മണി മുതൽ സജ്ജമാകും. www.sabarimalaonline.org എന്ന വെബ്സൈറ്റ് വഴി വെർച്വൽ-ക്യൂ ബുക്കിങ്ങ് നടത്താവുന്നതാണ്.

*********************************************

## FLOATING BRIDGE

സംസ്ഥാനത്തെ എല്ലാ ഫ്ളോട്ടിംഗ് ബ്രിഡ്ജുകളും താൽക്കാലികമായി അഴിച്ചുമാറ്റാൻ ടൂറിസം വകുപ്പിന്റെ നിർദ്ദേശം. കോഴിക്കോട്, ബേപ്പൂർ പുലിമുട്ടിലെ ഫ്ളോട്ടിങ് ബ്രിഡ്ജിന്റെ പ്രവർത്തനം ഇന്നുമുതൽ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടെന്ന് ഡി.ടി.പി.സി അറിയിച്ചു.

*********************************************************************